**മധുരമായ കുട്ടികളെ– അച്ഛന്റേതായി മാറി അച്ഛന്റെ പേരിനെ പ്രശസ്തമാക്കൂ, സമ്പൂർണ്ണ പവിത്രമാകുന്നതിലൂടെയാണ് പേര് പ്രശസ്തമാവുക, നിങ്ങൾക്ക് സമ്പൂർണ്ണ മധുരമായും മാറണം.**

ചോദ്യം– സംഗമയുഗത്തിൽ നിങ്ങൾ കുട്ടികൾക്ക് ഏതൊരു ചിന്തയാണുള്ളത് അത് സത്യയുഗത്തിൽ ഉണ്ടാകില്ല?
ഉത്തരം– സംഗമയുഗത്തിൽ നിങ്ങൾക്ക് പാവനമാകണമെന്ന ചിന്തതന്നെയാണുള്ളത്, ബാബ നിങ്ങളെ ബാക്കി എല്ലാ കാര്യങ്ങളിലും ചിന്തയില്ലാത്തവരാക്കി മാറ്റി. നിങ്ങൾ പുരുഷാർത്ഥം ചെയ്യുന്നത് ഈ പഴയ ശരീരം സന്തോഷത്തോടെ ഉപേക്ഷിക്കുവാനാണ്. നിങ്ങൾക്ക് അറിയാം പഴയ വസ്ത്രം അഴിച്ച് പുതിയത് ധരിക്കും. ഓരോ കുട്ടിയും തന്റെ ഹൃദയത്തോട് ചോദിക്കണം എനിക്ക് എത്ര സന്തോഷമുണ്ട്, ഞാൻ എത്ര സമയം അച്ഛനെ ഓർമ്മിക്കുന്നുണ്ട്.

ഓംശാന്തി. മധുര മധുരമായ കളഞ്ഞുപോയി തിരികെക്കിട്ടിയ മക്കൾക്ക് ആത്മീയ അച്ഛൻ മനസ്സിലാക്കിത്തരുകയാണ്. പഠിപ്പിക്കുന്നുമുണ്ട്, മനസ്സിലാക്കിത്തരുന്നുമുണ്ട്. രചയിതാവിന്റേയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റേയും രഹസ്യമാണ് പഠിപ്പിച്ചുതരുന്നത് സമ്പൂർണ്ണ സമ്പന്നരായി മാറൂ, ദൈവീക ഗുണങ്ങൾ ധാരണ ചെയ്യൂ എന്നതാണ് മനസ്സിലാക്കിത്തരുന്നത്. ഓർമ്മിച്ച് ഓർമ്മിച്ച് നിങ്ങൾ സമ്പൂർണ്ണ സതോപ്രധാനമായി മാറും. നിങ്ങൾക്ക് അറിയാം ഈ സമയം സൃഷ്ടി തമോപ്രധാനമാണ്, സതോപ്രധാന സൃഷ്ടി ആയിരുന്നു 5000 വർഷങ്ങൾക്കുള്ളിൽ അത് തമോപ്രധാനമായി മാറി. ഇതാണ് പഴയ ലോകം. എല്ലാവർക്കുമായാണ് പറയുന്നത്. ഇവർ പുതിയ ലോകത്തിലായിരുന്നുവോ അതോ ശാന്തിധാമത്തിലായിരുന്നുവോ. അച്ഛൻ ആത്മാക്കൾക്കുതന്നെയാണ് ഇരുന്ന് മനസ്സിലാക്കിത്തരുന്നത്– അല്ലയോ ആത്മീയ കുട്ടികളേ, നിങ്ങൾക്ക് തീർച്ചയായും സതോപ്രധാനമായി മാറണം. അച്ഛനിൽ നിന്ന് തീർച്ചയായും സമ്പത്ത് എടുക്കണം. നിങ്ങളുടെ അച്ഛനായ എന്നെ തീർച്ചയായും ഓർമ്മിക്കണം. ലൗകിക സന്താനങ്ങളും ഓർമ്മിക്കാറുണ്ട്. വലുതാകുന്തോറും പരിധിയുള്ള സമ്പത്ത് നേടുന്നതിന് അർഹതയുള്ളവരായി മാറും. നിങ്ങൾ പരിധിയില്ലാത്ത അച്ഛന്റെ കുട്ടികളാണ്. അച്ഛനിൽ നിന്ന് പരിധിയില്ലാത്ത സമ്പത്ത് നേടണം. ഇപ്പോൾ ഭക്തി മുതലായവ ചെയ്യേണ്ട ആവശ്യമില്ല. ഇത് സർവ്വകലാശാലയാണ്– എന്നത് കുട്ടികൾ മനസ്സിലാക്കിക്കഴിഞ്ഞു. എല്ലാ മനുഷ്യരേയും പഠിപ്പിക്കണം. പരിധിയില്ലാത്ത ബുദ്ധി ധാരണ ചെയ്യണം. ഇപ്പോൾ ഈ പഴയ ലോകത്തിന് പരിവർത്തനം ഉണ്ടാകണം. ഇപ്പോൾ ആരാണോ തമോപ്രധാനമായിരിക്കുന്നത് അവർ സതോപ്രധാനമാകും. കുട്ടികൾക്ക് അറിയാം ഈ സമയം നമ്മൾ പരിധിയില്ലാത്ത അച്ഛനിൽ നിന്നും പരിധിയില്ലാത്ത സുഖത്തിന്റെ സമ്പത്ത് നേടുകയാണ്. ഇപ്പോൾ നമ്മുക്ക് ഒരേ ഒരു ആത്മീയപിതാവിന്റെ മതമനുസരിച്ച് തന്നെ നടക്കണം. ഈ ആത്മീയ യാത്രയിലൂടെ തന്നെയാണ് നിങ്ങളുടെ ആത്മാവ് സതോപ്രധാനമായി മാറുന്നത്  പിന്നീട് സതോപ്രധാന ലോകത്തിലേയ്ക്ക് പോകണം. നമ്മൾ ബ്രാഹ്മണരാണ് എന്നത് നിങ്ങൾ മനസ്സിലാക്കുന്നുണ്ട്. നമ്മൾ ബാബയുടേതായി മാറി. പഠിപ്പ് പഠിക്കുകയാണ് ഈ പഠിപ്പിനെത്തന്നെയാണ് ജ്ഞാനം എന്നു പറയുന്നത്. ഭക്തി വേറിട്ടതാണ്. നിങ്ങൾ ബ്രാഹ്മണരെ അച്ഛൻ ജ്ഞാനം കേൾപ്പിക്കുകയാണ് ബാക്കി ഈ ലോകത്തിലെ ആർക്കും ഈ ജ്ഞാനമില്ല. ജ്ഞാനസാഗരനായ അച്ഛൻ ടീച്ചറുമാണ് അവർ എങ്ങനെയാണ് പഠിപ്പിക്കുന്നത് എന്നത് ലോകത്തിലുള്ളവർക്ക് അറിയില്ല. ബാബ ഒരുപാട് വിഷയങ്ങൾ മനസ്സിലാക്കിത്തരുന്നുണ്ട്. നമ്പർ വൺ കാര്യമിതാണ് അച്ഛന്റേതായി മാറി അച്ഛന്റെ പേരിനെ പ്രശസ്തമാക്കുക. സമ്പൂർണ്ണ പവിത്രമായി മാറുക. സമ്പൂർണ്ണരീതിയിൽ മധുരമായും മാറണം. ഇതാണ് ഈശ്വരീയ വിദ്യ. ഭഗവാൻ ഇരുന്ന് പഠിപ്പിക്കുകയാണ്. ആ ഉയർന്നതിലും ഉയർന്ന അച്ഛനെ ഓർമ്മിക്കണം. സെക്കന്റിന്റെ കാര്യമാണ്. സ്വയം ആത്മാവാണെന്നു മനസ്സിലാക്കൂ. നിങ്ങൾക്ക് അറിയാം നമ്മൾ ആത്മാക്കൾ ശാന്തിധാമത്തിൽ വസിക്കുന്നവരായിരുന്നു പിന്നീട് പാർട്ട് അഭിനയിക്കാനായി ഇവിടേയ്ക്കു വന്നു. പുനർജന്മങ്ങൾ എടുത്തുകൊണ്ടേയിരുന്നു. നമ്പർവൈസായി നമ്മൾ ഇപ്പോൾ 84 ജന്മങ്ങളുടെ പാർട്ട് പൂർത്തിയാക്കി. ഈ പഠിപ്പിനേയും മനസ്സിലാക്കണം, പാർട്ടിനേയും മനസ്സിലാക്കണം. ഡ്രാമയുടെ രഹസ്യവും ബുദ്ധിയിലുണ്ട്. ഇത് നമ്മുടെ അന്തിമ ജന്മമാണ് എന്നത് അറിയാം, ഇതിൽ ബാബയെ ലഭിച്ചു. എപ്പോൾ 84 ജന്മങ്ങൾ പൂർത്തിയാക്കുന്നുവോ അപ്പോൾ പഴയലോകം മാറുന്നു. നിങ്ങൾ ഈ പരിധിയില്ലാത്ത നാടകത്തേയും, 84 ജന്മങ്ങളേയും, ഈ പഠിപ്പിനേയും അറിയുന്നു. 84 ജന്മങ്ങൾ എടുത്ത് എടുത്ത് ഇപ്പോൾ അവസാനത്തിലെത്തി നിൽക്കുകയാണ്. ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുകയാണ് പിന്നീട് പുതിയ ലോകത്തിലേയ്ക്ക് പോകും. പുതിയ പുതിയ. ആളുകൾ വന്നുകൊണ്ടിരിക്കും. എതെങ്കിലും കാര്യങ്ങളിൽ നിശ്ചയം ഉണ്ടായിക്കൊണ്ടിരിക്കും. ചിലർ ഈ പഠിപ്പിൽത്തന്നെ മുഴുകും.

നമ്മൾ സതോപ്രധാനവും പവിത്രവുമായി മാറുകയാണ് എന്നത് ബുദ്ധിയിലുണ്ട്. നമ്മൾ പവിത്രമായിമാറി ഉന്നതി നേടിക്കൊണ്ടിരിക്കും.

ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് നിങ്ങൾ എത്ര ഓർമ്മിക്കുന്നുവോ അത്രത്തോളം നിങ്ങളുടെ ആത്മാവ് പവിത്രമായി മാറും. കുട്ടികളുടെ ബുദ്ധിയിൽ മുഴുവൻ ഡ്രാമയും ഇരിക്കുന്നുണ്ട്. ഇതും അറിയാം നിങ്ങൾ ഈ ലോകത്തിലെ എല്ലാം ഉപേക്ഷിച്ച് വന്നിരിക്കുകയാണ്. എന്തെല്ലാമാണോ ഈ കണ്ണുകൾ കൊണ്ട് കാണുന്നത് അത് കാണേണ്ടതല്ല. ഇതെല്ലാം അവസാനിക്കാനുള്ളതാണ്. ഇപ്പോൾ ഇത് നിങ്ങളുടെ അന്തിമ ജന്മമാണ് ബാക്കി ആർക്കും ഈ പരിധിയില്ലാത്ത ഡ്രാമയെ അറിയില്ല. നിങ്ങൾ ഇപ്പോൾ മുഴുവൻ ചക്ര ത്തേയും അറിയുന്നു, ബാബ വന്നിരിക്കുകയാണ് ഇപ്പോൾ നിങ്ങളെ തമോപ്രധാനത്തിൽ നിന്നും സതോ പ്രധാനമാക്കി മാറ്റുവാൻ. എങ്ങനെയാണോ 12 മാസങ്ങൾക്കുശേഷം ആ പരീക്ഷകൾ നടക്കുന്നത് അതു പോലെ. നിങ്ങളുടെ ഓർമ്മയുടെ യാത്രയും ഇപ്പോൾ പൂർത്തിയായിട്ടില്ല. വളരെ അധികം കാര്യങ്ങൾ ഓർമ്മയിലുണ്ട് പിന്നീട് പക്കയാവുമ്പോൾ ഒന്നും ഓർമ്മയിൽ വരില്ല. ആത്മാവ് തീർത്തും അശരീരിയാ യാണ് വന്നത്, അശരീരിയായിത്തന്നെ പോവുകയും വേണം. നിങ്ങൾ മുഴുവൻ സൃഷ്ടിയിലേയും മനു ഷ്യരുടെ പാർട്ടിനെ അറിയുന്നു. മനുഷ്യരുടെ എണ്ണം വൻതോതിൽ വർദ്ധിക്കുന്നു. കോടിക്കണക്കിനായി രിക്കുന്നു. സത്യയുഗത്തിൽ നമ്മൾ കുറച്ചുപേരേ ഉണ്ടാകൂ. പുനർജന്മങ്ങൾ എടുത്ത് എടുത്ത് മറ്റു ധർമ്മ ങ്ങളും മഠങ്ങളും ശാഖകളും കൊമ്പുകളുമായി വർദ്ധിച്ച് വർദ്ധിച്ച് വൃക്ഷം വളരെ വലുതായി. ആദിസനാ തന ദേവീ ദേവതാ ധർമ്മം തന്നെ പ്രായലോപമായിപ്പോയി. നമ്മൾ തന്നെയാണ് ദേവീദേവതാ ധർമ്മത്തി ലുണ്ടായിരുന്നത്, സതോപ്രധാനമായിരുന്നത്. ഇപ്പോൾ ആ ധർമ്മംതന്നെ തമോപ്രധാനമായി മാറി, ഇപ്പോൾ വീണ്ടും സതോപ്രധാനമാകണം അതിനുവേണ്ടിത്തന്നെയാണ് നമ്മൾ പഠിക്കുന്നത്. എത്രത്തോളം പഠി ക്കുന്നുവോ, പഠിപ്പിക്കുന്നുവോ അത്രത്തോളം മറ്റുള്ളവരുടെ മംഗളമുണ്ടാകും. വളരെ സ്നേഹത്തോടെ മനസ്സിലാക്കിക്കൊടുക്കണം. വിമാനത്തിലൂടെ നോട്ടീസ് വിതരണം ചെയ്യണം. അതിലും ഇത് മനസ്സിലാ ക്കിക്കൊടുക്കണം നിങ്ങൾ ജന്മ ജന്മാന്തരങ്ങളായി ഭക്തി ചെയ്തുവന്നു. ഗീത പഠിക്കുന്നതും ഭക്തിയാ ണ്. ഗീത പഠിക്കുന്നതിലൂടെ മനുഷ്യൻ ദേവതയായി മാറില്ല. ഡ്രാമ അനുസരിച്ച് എപ്പോഴാണോ ബാബ വരുന്നത് അപ്പോൾ മാത്രമാണ് സതോപ്രധാനമായി മാറുന്നതിനുള്ള യുക്തി പറഞ്ഞുതരുന്നത്. പിന്നീട് സതോപ്രധാന പദവി ലഭിക്കുന്നു.

നിങ്ങൾക്ക് അറിയാം ഈ പഠിപ്പിലൂടെ നമ്മൾ ഇതാവുകയാണ്. ഇത് ഈശ്വരീയ പാഠശാലയാണ്. ഭഗ വാൻ പഠിപ്പിച്ച് നിങ്ങളെ നരനിൽ നിന്നും നാരായണനാക്കി മാറ്റുകയാണ്. നമ്മൾ സതോപ്രധാനമായിരു ന്നപ്പോൾ സ്വർഗ്ഗത്തിലായിരുന്നു. തമോപ്രധാനമായപ്പോൾ നരകമാണ്. വീണ്ടും ചക്രത്തിന് കറങ്ങണം. ബാബ തന്നെയാണ് വന്ന് മനുഷ്യനിൽ നിന്നും ദേവത, വിശ്വത്തിന്റെ അധികാരിയാക്കുന്നതിനുള്ള പുരു ഷാർത്ഥം ചെയ്യിപ്പിക്കുന്നത്. ബാബയെ ഓർമ്മിക്കണം പിന്നെ ദൈവീക ഗുണങ്ങൾ ധാരണ ചെയ്യണം. വഴക്കിടുകയും അടികൂടുകയും ചെയ്യരുത്. നിങ്ങൾക്കും അതായിത്തന്നെ മാറണം. നിങ്ങളും ഇതുപോലെ സമ്പൂർണ്ണവും സമ്പന്നവുമായിരുന്നു വീണ്ടും ശ്രീമതത്തിലൂടെ അതുപോലെയാകണം. എനിക്ക് എത്ര ത്തോളം സന്തോഷമുണ്ട്? എനിക്ക് എത്രത്തോളം നിശ്ചയമുണ്ട്? എന്നത് സ്വയത്തോട് ചോദിക്കണം. ഇത് മുഴുവൻ ദിവസവും ഓർമ്മവേണം. പക്ഷേ മായ ഇങ്ങനെയാണ് അത് മറപ്പിക്കും. നിങ്ങൾക്ക് അറിയാം നമ്മൾ ബാബയോടൊപ്പം വിശ്വസേവകരാണ്. മുമ്പ് നിങ്ങൾ പരിധിയുള്ള പഠിപ്പാണ് പഠിച്ചിരുന്നത്, ഇപ്പോൾ നിങ്ങൾ പരിധിയില്ലാത്ത അച്ഛനിൽ നിന്നും പരിധിയില്ലാത്ത പഠിപ്പ് പഠിക്കുകയാണ്. ഇത് പഴയ ശരീര മാണ് അതിന്റെ സമയമാകുമ്പോൾ ഉപേക്ഷിക്കണം, അത് സ്വയം തന്നെ ഇല്ലാതാകില്ല. നമ്മുക്ക് സന്തോ ഷത്തോടെ ഈ ശരീരം ഉപേക്ഷിക്കണം. ഈ സമയത്ത് പഴയ മോശമായി ശരീരത്തെ ഉപേക്ഷിച്ച്, പഴയ ലോകത്തേയും ഉപേക്ഷിച്ച് സന്തോഷത്തോടെ പോകുകയാണ്. ഏതെങ്കിലും ആഘോഷദിവസമാണെ ങ്കിൽ സന്തോഷത്തോടെ പുതിയ വസ്ത്രങ്ങൾ ധരിക്കാറില്ലേ. ഇവിടെ നിങ്ങൾക്ക് അറിയാം നമ്മുക്ക് പുതിയ ലോകത്തിൽ പുതിയ ശരീരം ലഭിക്കും. നമ്മുക്ക് ഒരേ ഒരു ചിന്തയേയുള്ളു അത് പാവനമാകണം എന്നതാണ് ബാക്കി എല്ലാചിന്തയിൽ നിന്നും നമ്മൾ മുക്തമായി. ഇതെല്ലാം അവസാനിക്കാനുള്ളതാണ്, പിന്നെ എന്തിനെക്കുറിച്ചാണ് ചിന്തവെയ്ക്കേണ്ടത്. അരകല്പം നമ്മൾ ഭക്തിമാർഗ്ഗത്തിൽ വിഷമിച്ചുകൊ ണ്ടിരുന്നു. ഇനി അര കല്പം ഒരു ചിന്തയുമില്ലാതിരിക്കും. ഇനി ബാക്കിയായി കുറച്ച് സമയമേയുള്ളു. പാവനമാകണം എന്ന ചിന്തമാത്രം കുറച്ചുണ്ട്. പിന്നീട് ഒരു ചിന്തയുമുണ്ടാകില്ല. ഇത് സുഖ ദുഃഖത്തിന്റെ കളിയാണ്. സത്യയുഗത്തിലാണ് സുഖം, കലിയുഗത്തിൽ ദുഃഖമാണ്. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് നിങ്ങൾക്ക് ചോദിക്കാൻ സാധിക്കും നിങ്ങൾ സത്യയുഗമാകുന്ന സുഖധാമത്തിൽ വസിക്കുന്നവരാണോ അതോ ദുഃഖധാമത്തിൽ വസിക്കുന്നവരാണോ? നിങ്ങൾ പുതിയ പുതിയ കാര്യങ്ങളാണ് ചോദിക്കുന്നത്. അവർ തീർച്ചയായും പറയും ഇപ്പോൾ ദുഃഖധാമ വാസിയാണെന്ന്. വളരെ സ്നേഹത്തോടെ ചോദി

ക്കണം അവർക്ക് സ്വയം മനസ്സിലാക്കാൻ സാധിക്കണം നമ്മൾ എവിടെയാണ് വസിക്കുന്നത്. ഇവരുടെ ചോദ്യം ചോദിക്കുന്ന യുക്തി വളരെ നല്ലതാണ് എന്ന് അവർ പറയും. എത്ര വലിയ ആളുമാകട്ടെ, ധനവാനായിക്കൊള്ളട്ടെ പക്ഷേ നരകവാസിയല്ലേ. സ്വർഗ്ഗമെന്ന് പുതിയ ലോകത്തെയാണ് പറയുന്നത്. ഇപ്പോൾ കലിയുഗമാണ് പഴയലോകമാണ്. ഈ ചോദ്യം വളരെ നല്ലതാണ്. ഏണിപ്പടിയിലും കാര്യങ്ങൾ വ്യക്തമാണ്. നിങ്ങൾ സുഖധാമത്തിലാണോ അതോ ദുഃഖധാമത്തിലാണോ? ഇത് സ്വർഗ്ഗമാണോ അതോ നരകമാണോ? ദൈവീകമാണോ അതോ ആസുരീയമാണോ? ഇത് ചോദിക്കണം. തീർച്ചയായും സത്യയുഗത്തെ ദൈവീകലോകം എന്നാണ് പറയുന്നത്. കലിയുഗത്തെ ആസുരീയ ലോകം നരകം എന്നും പറയുന്നു. അതുകൊണ്ട് ചോദിക്കണം സത്യയുഗമാകുന്ന ദൈവീകലോകത്തിൽ വസിക്കുന്നവരാണോ അതോ കലിയുഗ ആസുരീയലോകത്തിൽ വസിക്കുന്നവരാണോ? എത്ര തന്നെ ധനവാനായിക്കൊള്ളട്ടെ പക്ഷേ എവിടെ വസിക്കുന്നവരാണ്? ഇപ്പോൾ നിങ്ങളുടെ ഉള്ളിൽ ജ്ഞാനമുണ്ട്. മുമ്പ് ഈ കാര്യങ്ങൾ ചിന്തയിൽപോലും വന്നിരുന്നില്ല. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ സംഗമവാസികളാണ്. ആരാണോ കലിയുഗത്തിലുള്ളത് അവർ പതിത നരകവാസികളാണ്, പിന്നീട് പാവനമായി മാറണം. അതുകൊണ്ടാണ് വിളിക്കുന്നത്– അല്ലയോ പതിതപാവനാ വരൂ, വന്ന് ഞങ്ങളെ പാവനമാക്കൂ. ഇതും മനസ്സിലാക്കിക്കൊടുക്കണം. നിങ്ങളുടെ അടുത്തേയ്ക്ക് എത്ര ആളുകളാണ് വരുന്നത് പക്ഷേ അതിലും കോടിയിൽ ചിലരേ മനസ്സിലാക്കൂ. ഞാൻ എന്താണോ, എങ്ങനെയാണോ, എന്താണോ പഠിപ്പിക്കുന്നത്– അതനുസരിച്ച് വിരളം പേരേ നടക്കൂ. പ്രഭാതത്തിൽ ചുറ്റിക്കറങ്ങുമ്പോഴും ഇതുതന്നെ മനസ്സിലാക്കിക്കൊടുക്കൂ നമ്മൾ ഈ പഠിപ്പിലൂടെ സ്വർഗ്ഗവാസിയാവുകയാണ്. സത്യയുഗം– ത്രേതായുഗം–ദ്വാപരം–കലിയുഗം ഈ ചക്രം കറങ്ങുമല്ലോ. നിങ്ങളുടെ ബുദ്ധിയിൽ മുഴുവൻ ചക്രവുമുണ്ട്. നിങ്ങൾ വീണ്ടും സുഖധാമം ശാന്തിധാമത്തിന്റെ അധികാരിയാവുകയാണ്. സുഖധാമത്തിൽ ദുഃഖത്തിന്റ പേരുപോലുമുണ്ടാകില്ല. അഥവാ പൂർണ്ണമായി പഠിക്കുന്നില്ലെങ്കിൽ പദവിയും കുറഞ്ഞുപോകും. ഇത് പോതുവായ കാര്യമാണ് അതിനാൽ പരിധിയില്ലാത്ത പഠിപ്പ് പഠിച്ച് പരിധിയില്ലാത്ത സമ്പത്ത് എടുക്കൂ. കേവലം സ്വയം ആത്മാവാണെന്നു മനസ്സിലാക്കി പരിധിയില്ലാത്ത അച്ഛനെ ഓർമ്മിക്കണം. വളരെ മധുരമായ ബാബയാണ്. ബാബയുടെ നിർദ്ദേശമാണ് ദേഹസഹിതം ദേഹത്തിന്റെ സർവ്വബന്ധനങ്ങളേയും അവസാനിപ്പിക്കൂ. ആത്മാവ് അവിനാശിയാണ്. ഇപ്പോളിപ്പോൾ ശരീരം എടുത്തു, ഇപ്പോളിപ്പോൾ ഉപേക്ഷിച്ചു. സമയം എടുക്കുന്നേയില്ല. ഇക്കാലത്ത് ഓരോ ദിവസം തോറും ആളുകൾ തമോപ്രധാനമായിക്കൊണ്ടിരിക്കുകയാണ്. എപ്പോഴാണോ നമ്മൾ സതോപ്രധാനമായിരുന്നത് അപ്പോൾ നമ്മുക്ക് വളരെയധികം ആയുസ്സ് ഉണ്ടായിരുന്നു, നമ്മൾ കുറച്ച് പേരേയുണ്ടായിരുന്നുള്ളൂ. രണ്ടാമത് ഒരു ധർമ്മവും ഉണ്ടായിരുന്നില്ല. നിങ്ങളുടെ ആയുസ്സ് ഇപ്പോൾ ചെയ്യുന്ന പുരുഷാർത്ഥത്താലാണ് വർദ്ധിക്കുന്നത്. എത്ര ഓർമ്മിക്കുന്നുവോ അത്രയും ആയുസ്സ് വർദ്ധിക്കും. നിങ്ങൾ സതോപ്രധാനമായിരുന്നപ്പോൾ നിങ്ങളുടെ ആയുസ്സ് വളരെ കൂടുതലായിരുന്നു. പിന്നീട് എത്രത്തോളം താഴേയ്ക്ക് വന്നോ അതിനനുസരിച്ച് ആയുസ്സും കുറഞ്ഞു. രജോയിലേയ്ക്ക് ഇറങ്ങിവന്നപ്പോൾ ആയുസ്സും കുറഞ്ഞു, തമോയിലേയ്ക്ക് വന്നപ്പോൾ അതിലും കുറഞ്ഞു. എങ്ങനെയാണോ കിണറ്റിൽ നിന്ന് വെള്ളമെടുത്ത് പാത്രം നിറയ്ക്കുന്തോറും കുറഞ്ഞുവരുന്നത് അതുപോലെ. നിറച്ച് നിറച്ച് പൂർണ്ണമായും നിറയും പിന്നീട് അത് പതുക്കെ പതുക്കെ കാലിയാകും. ഇതിനെ ബാറ്ററിയോടും ഉപമിക്കാം. ഇപ്പോൾ നമ്മൾ സതോപ്രധാനമായി തിരിച്ച് പോവുകയാണ് പിന്നീട് 84 ജന്മങ്ങൾ എടുക്കും. അരകല്പത്തിനുശേഷം രാവണരാജ്യം ആരംഭിക്കും. രാവണരാജ്യത്തിൽ എല്ലാവരേയും നരകവാസി എന്നാണ് പറയുന്നത്. പിന്നാലെ ആരാണോ വരുന്നത് അവർ നരകത്തിൽത്തന്നെയാണ് വരുക. നിങ്ങൾ ആദ്യം സ്വർഗ്ഗത്തിലേയ്ക്കാണ് പോവുക. ഇത് അച്ഛനിൽ നിന്നും ലഭിക്കുന്ന ഭക്തിയുടെ ഫലമാണ്. ഇവർ വളരെ അധികം ഭക്തി ചെയ്തിട്ടുണ്ട് അതിനാലാണ് ജ്ഞാനവും എടുക്കുന്നത് എന്ന് മനസ്സിലാക്കാൻ സാധിക്കും. ഈ മുഴുവൻ രഹസ്യങ്ങളും ബാബ നിങ്ങൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട്. നിങ്ങൾ പിന്നീട് മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കണം. മനുഷ്യർ അനേക പ്രകാരത്തിലുള്ള പാപങ്ങൾ ചെയ്തിട്ടുണ്ട്. ഇപ്പോൾ അച്ഛൻ വന്നിട്ടുണ്ട്, നിങ്ങൾക്ക് ജ്ഞാനം നൽകുകയാണ്. അച്ഛൻ എപ്പോഴാണോ വരുന്നത് അപ്പോൾത്തന്നെയാണ് പഠിപ്പിക്കുന്നത്. ഇതുവരെ ഇതൊന്നും അറിയില്ലായിരുന്നു. പാപാത്മാവായിക്കൊണ്ടേയിരുന്നു. പുണ്യാത്മാവായി മാറുന്നത് എങ്ങനെയാണ് പിന്നീട് എങ്ങനെയാണ് പാപാത്മാവായി മാറിയത്; ആരാണ് സത്യയുഗത്തിൽ വസിക്കുന്നത്, ആരാണ് കലിയുഗവാസികളാകുന്നത്– ഇതൊന്നും അറിയില്ലായിരുന്നു. ഇപ്പോൾ ബാബയാണ് മനസ്സിലാക്കിത്തന്നത്. ബാബയെ പ്രകാശം എന്നും പറയാറുണ്ട്. ബാബയിൽ പ്രകാശവുമുണ്ട് ശക്തിയുമുണ്ട്. പ്രകാശം ലഭിക്കുമ്പോൾ ഉണരുന്നു അപ്പോൾ ശക്തി ലഭിക്കുന്നു. നിങ്ങളുടെ ജീവിതവും അഭിവൃദ്ധിപ്പെടുന്നു. അവിടെ നിങ്ങളെ കാലന് ഭക്ഷിക്കാൻ കഴിയില്ല. സന്തോഷത്തോടെ ഒരു ശരീരം ഉപേക്ഷിച്ച് അടുത്തത് എടുക്കുന്നു. ദുഃഖത്തിന്റെ ഒരു കാര്യവുമില്ല. കളിക്കുന്നതുപോലെയാണ്. സർപ്പം തന്റെ ഉറ ഊരുന്നതുപോലെയാണ്. നിങ്ങൾ സത്യയുഗം മുതൽ കലിയുഗത്തിന്റെ അന്ത്യം വരെ പാർട്ട് അഭിനയിച്ചു. ഇത് ബുദ്ധിയിൽ ഇരുക്കുന്നുണ്ട്.

ബാബ നിങ്ങളുടെ അച്ഛനുമാണ് ടീച്ചറുമാണ് സദ്ഗുരുവുമാണ്. ഇത് നിങ്ങൾ കുട്ടികൾ മാത്രമാണ് നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് അറിയുന്നത്. പുനർജന്മങ്ങളെക്കുറിച്ചും നിങ്ങൾ എത്ര ജന്മങ്ങൾ എടുക്കുന്നു എന്നതും നിങ്ങൾ മനസ്സിലാക്കി. ബ്രാഹ്മണധർമ്മത്തിൽ നിങ്ങൾ എത്ര ജന്മം എടുക്കുന്നുണ്ട്? (ഒന്ന്). ചിൽ രണ്ടോ മൂന്നോ ജന്മങ്ങളും എടുക്കുന്നുണ്ട്. അഥവാ ആരെങ്കിലും ശരീരം വിടുകയാണെന്നു കരുതു, അവർ ബ്രാഹ്മണസംസ്ക്കാരവും കൊണ്ടാണ് പോകുന്നത്. സംസ്ക്കാരം ബ്രാഹ്മണന്റേതായതിനാൽ സത്യംസത്യമായ ബ്രാഹ്മണകുലത്തിലേയ്ക്കുതന്നെ വീണ്ടും വരും. ബ്രാഹ്മണകുലത്തിലെ ആത്മാക്കളുടെ വൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കും. ബ്രാഹ്മണകുലത്തിലെ സംസ്ക്കാരത്തെ കൊണ്ടുപോകില്ലേ. എന്തെങ്കിലും കണക്കുണ്ടെങ്കിൽ രണ്ടോ മൂന്നോ ജന്മങ്ങൾ വരെ എടുക്കും. ഒരു ശരീരം ഉപേക്ഷിച്ചു അടുത്തത് എടുത്തു. ആത്മാവ് ബ്രാഹ്മണകുലത്തിൽ നിന്നും ദൈവീകകുലത്തിലേയ്ക്ക് പോകും. ശരീരത്തിന്റെ കാര്യമേയില്ല. ഇപ്പോൾ നിങ്ങൾ അച്ഛന്റേതായി മാറിയിരിക്കുന്നു, നിങ്ങൾ ഈശ്വരീയ സന്താനങ്ങളാണ് ഒപ്പം പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനങ്ങളുമാണ്. രണ്ടാമതായി ഒരു സംബന്ധവും നിങ്ങൾക്ക് ഇല്ല. പരിധിയില്ലാത്ത അച്ഛന്റേതായി മാറുക എന്നത് ഒരു ചെറിയകാര്യമാണോ! നിങ്ങൾ സുഖധാമത്തിന്റെ അധികാരിയായാണ് മാറുന്നത്. നിങ്ങൾ കേവലം നിങ്ങളുടെ വലിയ അച്ഛനെ തിരിച്ചറിഞ്ഞാൽ മതി നിങ്ങളുടെ തോണി അക്കരെയെത്തും.ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം –

1. സ്വയം തന്നോടുതന്നെ ചോദിക്കണം–1– എനിക്ക് എത്രത്തോളം സന്തോഷമായിരിക്കാൻ സാധിക്കുന്നുണ്ട്? 2– സർവ്വഗുണ സമ്പന്നരായിരുന്നു, ഇപ്പോൾ ശ്രീമതമനുസരിച്ച് വീണ്ടും ആയിമാറണം, ഈ നിശ്ചയം എത്രത്തോളമുണ്ട്? 3– ഞാൻ എത്രത്തോളം സതോപ്രധാനമായി മാറി? എനിക്ക് രാത്രിയും പകലും സതോപ്രധാനമായി അഥവാ പാവനമായി മാറുന്നതിനുള്ള ചിന്തയുണ്ടോ?

2. പരിധിയില്ലാത്ത അച്ഛനോടൊപ്പം വിശ്വത്തിന്റെ സേവനം ചെയ്യണം. പരിധിയില്ലാത്ത പഠിപ്പ് പഠിക്കുകയും പഠിപ്പിക്കുകയും വേണം. ദേഹസഹിതം എന്തെല്ലാം ബന്ധനങ്ങളുണ്ടോ അതിനെയെല്ലാം അച്ഛന്റെ ഓർമ്മയിൽ ഇരുന്ന് അവസാനിപ്പിക്കണം.

## വരദാനം – അധികാരി സ്മൃതിയിലൂടെ മൻമനാഭവയുടെ സ്ഥിതി ഉണ്ടാക്കുന്ന മാസ്റ്റർ സർവശക്തിവാനായി ഭവിക്കട്ടെ.

സദാ ഈ സ്മൃതി പ്രത്യക്ഷരൂപത്തിലുണ്ടാകണം– ഞാൻ ആത്മാവ് ചെയ്യിക്കുന്നയാളാണ്, അധികാരിയാണ്, വിശേഷആത്മാവ്, മാസ്റ്റർ സർവശക്തിവാനാണ്– അപ്പോൾ ഈ അധികാരിത്വത്തിന്റെ സ്മൃതിയിലൂടെ മനസും ബുദ്ധിയും സംസ്കാരവും സ്വന്തം നിയന്ത്രണത്തിലിരിക്കും. ഞാൻ വേറിട്ടതാണ്, അധികാരിയാണ് – ഈ സ്മൃതിയിലൂടെ മൻമനാഭവയുടെ സ്ഥിതി സഹജമായി ഉണ്ടാകും. ഇതേ നിർമോഹത്വത്തിന്റെ അഭ്യാസം കർമാതീതമാക്കി മാറ്റും.

## സ്ലോഗൻ – നിന്ദ അഥവാ ശല്യത്തെ സഹിക്കുക, ഉള്ളിലൊതുക്കുക എന്നാൽ തന്റെ രാജധാനി നിശ്ചിതമാക്കുക

**അവ്യക്തി സൈലൻസിലൂടെ ഡബിൾ ലൈറ്റ് മാലാഖാ സ്ഥിതിയുടെ അനുഭവം ചെയ്യു**
സൈലൻസ് എന്നാൽ ശാന്തസ്വരൂപ ആത്മാവ് ഏകാന്തതയിൽ കഴിയുമ്പോൾ മനസിന്റെയും ബുദ്ധിയുടെയും ഏകാഗ്രതയുടെ അനുഭവം ഉണ്ടാകുമ്പോൾ, അതേ ഏകാഗ്രതയിലൂടെ വിശേഷ രണ്ടു ശക്തികൾ പ്രാപ്തമാകുന്നു– ഒന്ന് തിരിച്ചറിയുവാനും രണ്ടാമത് നിർണയിക്കുവാനും. ഇതേ രണ്ടു വിശേഷ ശക്തികൾ വ്യവഹാരത്തിലും പരമാർഥത്തിലും രണ്ടിലും സർവ സമസ്യകളെ പരിഹരിച്ചു തരുന്നു. ഇതിലൂടെ സഹജമായി തന്നെ ഡബിൾലൈറ്റ് മാലാഖാസ്ഥിതി ഉണ്ടാകുന്നു.